പ്രതികരണം

●

ശിഹാബ് പൂക്കോട്ടൂർ

# ലവ് ജിഹാദ്
# അപനിർമിതികളുടെ ചരിത്രം

**ചരിത്രപരമായ** അപനിർമിതികളിലൂടെയാണ് ചില പദങ്ങൾ വ്യവഹരിക്കപ്പെടാറുള്ളത്. ജിഹാദ് എന്ന പദം അത്തരത്തിൽ രൂപപ്പെട്ടുവന്നതാണ്. അപനിർമിതികൾ ചരിത്രത്തിൽ അധികാരമുള്ളവർ രൂപപ്പെടുത്തുമ്പോൾ പാർശ്വവൽകൃതർ സ്വാഭാവികമായും രൂപപ്പെടുന്നു. ശത്രുക്കളെ നിർമിക്കാനും ഗൂഢമായ ചരിത്ര പ്രയോഗങ്ങൾ ധാരാളമായി ഉപയോഗപ്പെടുത്താറുണ്ട്. യൂറോ-അമേരിക്കൻ കേന്ദ്രിത ചരിത്രമെഴുത്തിൽ ആഫ്രിക്കയെയും മധ്യപൗരസ്ത്യ ഇസ്‌ലാമിനെയും ചില പ്രത്യേക വാർപ്പ് മാതൃകകളിലൂടെയാണ് അവതരിപ്പിക്കുന്നത്. ആഫ്രിക്കക്കാരെ കുറിച്ച് നേരത്തെയുള്ള ചിത്രീകരണത്തെയും മുസ്‌ലികളെക്കുറിച്ചുള്ള സമകാലിക സംവാദത്തെയും താരതമ്യപ്പെടുത്തിയാൽ വ്യത്യാസം തെളിഞ്ഞ് കാണാവുന്നതാണ്. ആധുനികതയിലെത്താൻ ശേഷിയില്ലാത്ത ജനങ്ങളായി ശീതസമരകാലത്തെ ആഫ്രിക്കക്കാർ മുദ്രകുത്തപ്പെട്ടിരുന്നു. ശീതസമരത്തിനു ശേഷം അതിവേഗം ആഗോളവൽക്കരിപ്പെടുന്ന ലോകത്ത് ആധുനികതയെ ഉൾക്കൊള്ളാൻ ശേഷിയില്ലാത്തവരായി മുസ്‌ലിംകൾ ചിത്രീകരിക്കപ്പെട്ടു. ആഫ്രിക്കക്കാർ സ്വയം ഇരകളായിത്തീരുകയാണെങ്കിൽ, മറ്റുള്ളവരെ കൂടി താഴോട്ട് വലിച്ചിഴക്കുന്നവരാണ് മുസ്‌ലിംകൾ 9/11-ന് മുമ്പുള്ള ആഫ്രിക്കൻ ഭീകരതയെയും അതിനുശേഷമുള്ള ആഗോള ഭീകരതയെയും കുറിച്ചുള്ള ചർച്ചകളിൽ ഒരു സമാന്തരത കാണാം. ആഫ്രിക്കൻ ഗോത്രവാദികളെയും മുസ്‌ലിം മതമൗലികവാദികളെയും ഒരേ മൂശയിലാണ് അവതരിപ്പിച്ചിട്ടുള്ളത്.

മധ്യകാല ചരിത്രത്തിലും സമകാലിക നിരീക്ഷണങ്ങളിലും ചർച്ച് സ്വാധീനം പ്രകടമാണ്. തീവ്രവാദി ക്രിസ്ത്യൻ ശത്രുത ആദ്യം ലക്ഷ്യമിട്ടിരുന്നത് മുഴുവൻ ക്രിസ്തീയരെയുമായിരുന്നു. പിന്നീട് കുരിശുയുദ്ധത്തോടെ ക്രൈസ്തവ ലോകം പൊതുശത്രുവിനെ നിർവചിക്കുകയും അവിശ്വാസികൾക്കെതിരെ ശാശ്വത യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു. ഒരു പിശാചിന്റെ ആൾരൂപമായാണ്, വെറും ശത്രുവായല്ല കുരിശുയുദ്ധക്കാർ മുസ്‌ലിംകളെ ദുർഭൂതവൽക്കരിച്ചത്. മതപരിവർത്തനത്തിന് അയോഗ്യരായാണ് അവരെ കണ്ടത്. അവരുടെ ഉന്മൂലനം പോപ്പുമാർ ഉൽബോധനം ചെയ്തിരുന്നു. "ഒരു അവിശ്വാസിയെ കൊല്ലുന്നത് മനുഷ്യഹത്യയല്ല, തിന്മഹത്യയാണ്. ദുഷ്ടതയുടെ നാശം! ഒരു ബഹുദൈവ വിശ്വാസിയുടെ മരണം ക്രിസ്തീയ മഹിമയാണ്. അതിൽ മഹത്വവൽക്കരിക്കപ്പെടുന്നത് ക്രിസ്തുവാണ്" ( *ഗുഡ് മുസ്‌ലിം, ബാഡ് മുസ്‌ലിം* - മഹമൂദ് മംദാനി).

മുഖാമുഖമുള്ള യുദ്ധങ്ങളിൽ വേണ്ടത്ര വിജയം കണ്ടെത്താൻ അവർക്ക് സാധിച്ചില്ല. കൊളോണിയലാനന്തര ഘട്ടത്തിൽ നിരവധി ചതിപ്രയോഗങ്ങൾക്ക് അവർ തയാറായി. 1492ൽ കൊളമ്പസ് തുടങ്ങിവെച്ച മിഷനറി അധിനിവേശത്തിന് ശേഷം പരോക്ഷമായ മിഷനറി ചാരക്കൂട്ടങ്ങളെ മുസ്‌ലിം ലോകത്തേക്ക് നിയോഗിച്ചു. മുസ്‌ലിം രാജ്യങ്ങളിലെ നേതാക്കളെ വശീകരിക്കാൻ 'ലവ് കുരിശ്' യുദ്ധങ്ങൾ ആസൂത്രണം ചെയ്തു. അവരുടെ വലയിൽ മുസ്‌ലിം രാജ്യങ്ങളിലെ മിക്ക ശൈഖുമാരും നേതാക്കൻമാരും അകപ്പെടുകയും ചെയ്തു. മതപരിവർത്തനത്തിന് പ്രണയം ആയുധമാക്കിയ ഗൂഢാലോചനയുടെ ഒരുപാടുകാലത്തെ ചരിത്രം ലോകത്തിന് പറയാനുണ്ട്. സമകാല മുസ്‌ലിംലോകം അതിരൂക്ഷമായ രീതിയിൽ അപരവൽക്കരിക്കപ്പെട്ടിട്ടുണ്ട്. പൊതുബോധത്തിൽ നിന്നകറ്റപ്പെടുക എന്ന ആഗോളവും ദേശീയവുമായ ഒരു നിർമിതിക്കകത്താണ് ലോകത്തും ഇന്ത്യയിലും മുസ്‌ലിംകൾ ജീവിക്കുന്നത്.

ഇതിന്റെ തുടർച്ചയാണ് ഹണ്ടിംഗ്ടന്റെ സംസ്കാരങ്ങളുടെ സംഘട്ടനം പോലുള്ള ആശയങ്ങൾ. ഈ വീക്ഷണപ്രകാരം മുസ്‌ലിംകൾ ചീത്തയാവാനേ നിവൃത്തിയുള്ളൂ. ചീത്തയെന്ന പരികൽപനക്കനുയോജ്യമായ മുസ്‌ലിം സാംസ്കാരിക ചിഹ്നങ്ങൾ നെഗറ്റീവായി ഉപയോഗിക്കപ്പെട്ടു. ആക്രമണം, അമിത ലൈംഗികത, നാഗരികതയോടുള്ള വെറുപ്പ് എന്നിവ ചരിത്രമെഴുത്തിൽ, കാഴ്ചകളിൽ മുസ്‌ലിം വാർപ്പുകളായി അവതരിപ്പിക്കപ്പെട്ടു. പ്രണയമല്ല, വഞ്ചനയാണ് മുസ്‌ലിം പുരുഷന്റെ സ്ത്രീയുമായുള്ള ഇടപാടുകളിൽ എന്നായിരുന്നു പ്രചാരണം. ഇതിൽനിന്ന് വ്യത്യസ്തമായ പൊതുബോധം ഇന്ത്യയിലും കാണാൻ കഴിയില്ല. എല്ലാ രാഷ്ട്രീയപാർട്ടികളുടെയും അന്തർധാരയായി ഇന്ത്യയിൽ വർത്തിക്കുന്നത് സവർണ പൊതുബോധമാണ്. മണ്ഡൽ കമീഷൻ വിരുദ്ധ പ്രക്ഷോഭത്തിൽ ഇത് വ്യക്തമായി തെളിയിക്കപ്പെടുകയുണ്ടായി. ദൽഹി സർവകലാശാലയുടെ പ്രമുഖരായ സാമൂഹിക ശാസ്ത്രജ്ഞൻമാരുടെ ഒത്താശയോടെ മേൽ ജാതിക്കാരായ വിദ്യാർഥികൾ ഡൽഹിയിൽ നടത്തിയ മണ്ഡൽ വിരുദ്ധ പ്രക്ഷോഭങ്ങൾ വളരെ പ്രാമുഖ്യത്തോടെ ദിനപത്രങ്ങൾ പ്രസിദ്ധീകരിച്ചു. കോളേജ് വിദ്യാർഥികളുടെ പ്രകടനത്തിന്റെ ചിത്രത്തിൽ, തൊഴിൽ രഹിതരായ ഭർത്താക്കൻമാരെ ഞങ്ങൾക്കുവേണ്ട എന്ന പ്ലക്കാർഡ് വലിയ ശ്രദ്ധയാകർഷിച്ചിരുന്നു. ഇംഗ്ലീഷ് പത്രങ്ങളുടെ വായനക്കാർക്ക് (പ്രധാനമായും മേൽജാതിക്കാർ തന്നെ) ഈ വാക്യത്തിലെ വൈരുദ്ധ്യം മനസ്സിലാവാതെ പോയി. ഈ പ്രക്ഷോഭങ്ങളുടെ പൊതുബോധം തന്നെയായിരുന്നു അവരെ നയിച്ചത്. മറ്റുപിന്നാക്ക ജാതി(ഒ.ബി.സി)യിൽപ്പെട്ടവർക്ക് സംവരണമേർപ്പെടുത്താനുള്ള സർക്കാർ തീരുമാനമാണ് മണ്ഡൽ വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് കാരണമായത്. സർക്കാറിന്റെ ഉന്നത ഉദ്യോഗങ്ങളിലേക്ക് സംവരണം ഏർപ്പെടുത്തി

യാൽ ഉയർന്ന ജാതിക്കാർക്കുള്ള സ്ഥാനമാനങ്ങൾ ആനുപാതികമായി കുറയുമായിരുന്നു. ഇക്കാരണങ്ങൾ മുൻനിർത്തി ദൽഹി സർവകലാശാലയിലെ ഹോസ്റ്റലുകളിൽ വിദ്യാർഥിരോഷം പൊട്ടിയൊഴുകുകയും നഗരത്തിലെ തെരുവുകളിൽ പ്രക്ഷുബ്ധാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇതേസമയം വിദ്യാർഥിനികൾ തങ്ങൾക്കുവേണ്ടിയല്ല പ്രതികരിച്ചത്, തങ്ങളുടെ വരുംകാല ഭർത്താക്കൻമാർക്കുവേണ്ടിയായിരുന്നു. മേൽജാതിക്കാരായ ഐ.എ.എസ് ഭർത്താക്കൻമാരെ തങ്ങൾക്കു ലഭിക്കുകയില്ല എന്നാണ് പ്ലകാർഡ് പറഞ്ഞത്. അതിലൂടെ മറ്റൊരു കാര്യവും അവർ പറഞ്ഞു വെച്ചു. ഐ.എ.എസിൽ പുതുതായി സ്ഥാനലബ്ധി ഉണ്ടാവുന്ന ഒ.ബി.സി ദലിത് വിഭാഗങ്ങളിൽപെട്ടവർ ഒരിക്കലും അവരുടെ സമർഥരായ ഭർത്താക്കന്മാരാവുകയില്ല എന്ന കാര്യം.

മുസ്‌ലിം ചിഹ്നങ്ങൾ വളരെ വികൃതമാക്കി മുഖ്യധാരയിൽ ചേർക്കുകയോ പുറത്തു നിർത്തുകയോ ചെയ്യുന്ന പ്രക്രിയ ഇന്ത്യൻ പൊതുബോധത്തിൽ വ്യാപകമാണ്. നേരത്തെ തന്നെ നെഗറ്റിവിറ്റിയുടെ മോഡലായി സ്വീകരിക്കപ്പെട്ടു കഴിഞ്ഞതാണ് ജിഹാദ്. അതിലേക്ക് പ്രണയം എന്ന പദം കൂട്ടിച്ചേർക്കുമ്പോൾ, സ്വീകരണത്തിന് പകരം തിരസ്കാരത്തിനാണ് സാധ്യത കൂടുന്നത്. കാമ്പസിലെയും സമൂഹത്തിലെയും രാഷ്ട്രീയ മേഖലകളിൽ മുസ്‌ലിംകൾ കർതൃ സ്ഥാനത്തേക്ക് നിർത്തപ്പെടുമ്പോൾ നമ്മുടെ പൊതുബോധം അതിനെ തീവ്രവാദം/ഭീകരവാദം എന്ന പദത്തിലേക്ക് വേഗം ചേർത്തു നിർത്തുന്നു. പോലീസിന്റെയും ഇടത്, വലത് രാഷ്ട്രീയ പാർട്ടികളുടെയും പൊതുബോധങ്ങൾ സവർണ കേന്ദ്രിതമാണ്. അപരവൽക്കരിക്കപ്പെട്ട ദലിത്/മുസ്‌ലിം സംഘടനകളിലും സമൂഹത്തിലും സ്വാധീനം ഉറപ്പിക്കുമ്പോൾ സെക്യലർ എന്ന ഐഡന്റിറ്റിയുടെ തനിനിറം ബോധ്യമാവുന്നു. മതതീവ്രവാദം/മതവർഗീയം എന്ന് എസ്.എഫ്.ഐ പോലുള്ള സംഘടനകൾ പറയുമ്പോൾ ഒരു ഭാഗത്തേക്ക് മാത്രം ചായ്‌വ് പ്രകടിപ്പിക്കുന്നത് സവർണ പൊതുബോധത്തിൽ നിന്ന് മുക്തമാവാത്തതു കൊണ്ടാണ്. പ്രണയമാർക്കറ്റുകൾ ഒരുക്കുന്ന, ന്യൂനപക്ഷങ്ങൾക്ക് ഉടമസ്ഥതയുള്ള *മനോരമ, മംഗളം* ദിനപത്രങ്ങളും ഒത്തുതീർപ്പുകൾക്ക് നിർബന്ധിതരാവുന്നത് ഈ ബോധത്തിന്റെ കൂടെ നിൽക്കാനാണ്. ഒരുപാട് പേരുകളിൽ ഒരു പത്രം എന്നുതന്നെയാണ് ഫലത്തിൽ സംഭവിക്കുന്നത്. മുസ്‌ലിം, ദലിത് പ്രശ്നങ്ങളിൽ ഏതായാലും ഈ വാദം ശരിയാണ്. ■